1-12-2015-ന് ഉച്ചയ്ക്ക് ചോറ്റാനിക്കര പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ശാസ്താംമുകൾ എന്ന സ്ഥലത്തിനു സമീപമുള്ള പാറമടയിൽ അഴുകിയ നിലയിൽ ഒരു പുരുഷജഡം വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നതായി കാണപ്പെട്ടതിനെ തുടർന്ന് ചോറ്റാനിക്കര പോലീസ് എത്തി മൃതദേഹം വെള്ളത്തിൽ നിന്നും കയറ്റി പോലീസ് നടപടിക്രമങ്ങൾക്ക് ശേഷം പോസ്റ്റ്മോർട്ടത്തിനായി ആലപ്പുഴ മെഡിക്കൽ കോളേജിലേക്ക് അയച്ചിട്ടുള്ളതാണ്.

കൃത്യസ്ഥലത്ത് പുത്തൻകുരിശ് പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടറും മറ്റും എത്തി അന്വേഷണം നടത്തിയതിൽ കാണാതായ സമയം ടി അരുൺ ധരിച്ചിരുന്ന വസ്ത്രവും മൃതദേഹത്തിൽ കാണപ്പെട്ട വസ്ത്രവും തമ്മിൽ സാമ്യം തോന്നുകയും മൃതദേഹത്തിൽ നിന്നും ലഭിച്ച മൊബൈൽ ഫോണിലെ സിം കാർഡ് പരിശോധിച്ചതിൽ ആയത് ടി അരുണിന്റെ സിം ആണെന്ന് മനസ്സിലാവുകയും ചെയ്തിട്ടുള്ളതാണ്. ആലപ്പുഴ മെഡിക്കൽ കോളേജിൽ ബന്ധുക്കൾ എത്തി മൃതദേഹം തിരിച്ചറിഞ്ഞിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച കേസ് പുത്തൻകുരിശ് സർക്കിൾ ഇൻസ്പെക്ടറുടെ മേൽനോട്ടത്തിൽ തുടരന്വേഷണം നടത്തിവരുന്നു.

എസ്.ഐ., സി.ഐ. തസ്തികകളിൽ നിയമനം

212 (2040) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസിൽ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ എസ്.ഐ., സി.ഐ. തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ; വ്യക്തമാക്കുമോ ;

(ബി) ഡി.പി.സി. ലിസ്റ്റ് നിലവിലുണ്ടോ ;

(സി) ഡി.പി.സി. യോഗം കൂടുന്ന തീയതി എന്നാണെന്ന് അറിയിക്കുമോ ;

(ഡി) അടിയന്തരമായി എസ്.ഐ., സി.ഐ. പ്രൊമോഷൻ നടപടികൾ ആരംഭിക്കുമോ ;

(ഇ) എസ്.ഐ., സി.ഐ. ലിസ്റ്റ് നിലവിലുണ്ടെങ്കിൽ അതിന്റെ ലിസ്റ്റ് മേശപ്പുറത്ത് വെയ്ക്കുമോ ?

ഉത്തരം

(എ) നിലവിൽ എസ്.ഐ. തസ്തികയിൽ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുവാനായി ഒഴിവുകളൊന്നും തന്നെയില്ല. എസ്.ഐ.മാരുടെ നേരിട്ടുള്ള നിയമനത്തിനായി 255 അധിക ഒഴിവുകൾ (Excess Vacancies) വിവിധ കോടതി ഉത്തരവുകൾ പ്രകാരം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ടി ഉത്തരവുകൾക്കെതിരെ അപ്പീൽ നൽകുവാനായി അഡ്വക്കേറ്റ് ജനറലിനോട് അപേക്ഷിച്ചിട്ടുണ്ട്. സി.ഐ. തസ്തികയിൽ 7 ഒഴിവുകൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എസ്.ഐ.-മാരുടെ സെലക്ട് ലിസ്റ്റ് നിലവിലുണ്ട്.

(സി) ഡി.പി.സി. കൂടുന്ന തീയതി തീരുമാനിച്ചിട്ടില്ല.

(ഡി) എസ്.ഐ.മാരായി പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ റേഞ്ച് ഐ.ജി. തലത്തിൽ നടന്നുവരുന്നു. എസ്.ഐ.മാരുടെ സീനിയോറിറ്റി ലിസ്റ്റിലുള്ള തർക്കം പരിഹരിച്ചാലുടൻ തന്നെ സി.ഐ. പ്രൊമോഷനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) എസ്.ഐ.-മാരുടെ സെലക്ട് ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.* സി.ഐ.-മാരുടെ സെലക്ട് ലിസ്റ്റ് നിലവിലില്ല.

കേരള പോലീസിലെ ഒഴിവുകൾ

213 (2041) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിൽ മെക്കാനിക്/ഫിറ്റർ, ഇലക്ട്രീഷ്യൻ, സിവിൽപോലീസ് ഓഫീസർമാരുടെ എത്ര ഒഴിവുകൾ നിലവിൽ ഉണ്ട് ;

(ബി) പ്രസ്തുത ഒഴിവുകൾക്ക് സ്പെഷ്യൽ റൂൾസ് ഇറക്കിയിട്ടുണ്ടോ ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) കേരള പോലീസിൽ ആർമറർ സബ്ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ഡി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള പോലീസിൽ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിൽ മെക്കാനിക്/ഫിറ്റർ-36, ഇലക്ട്രീഷ്യൻ-9.

കേരള പോലീസിൽ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിൽ സിവിൽ പോലീസ് ഓഫീസർമാരുടെ തസ്തിക നിലവിലില്ല.

(ബി) കേരള പോലീസിൽ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിൽ മെക്കാനിക്, ഇലക്ട്രീഷ്യൻ പോലീസ് കോൺസ്റ്റബിൾമാരുടെ തസ്തികകളുടെ സ്പെഷ്യൽ റൂൾസ് പുറത്തിറക്കിയിട്ടുണ്ട്, ഫിറ്റർ പോലീസ് കോൺസ്റ്റബിൾ ഉൾപ്പെടുന്ന ടെക്നിക്കൽ വിഭാഗത്തിനായുള്ള സ്പെഷ്യൽ റൂൾ പരിശോധിച്ചുവരുന്നു.

(സി) 4 ഒഴിവുകൾ.

(ഡി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly